പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാചോദ്യം നം.6815

04/04/2018 ൽ മറുപടിക്ക്

## തോട്ടണ്ടി വാങ്ങുന്നതിന് കാഷ്യൂ ബോർഡ് സ്വീകരിച്ച നടപടികൾ

| ചോദ്യം<br>ശ്രീ. വി.ഡി.സതീശൻ | ഉത്തരം<br>ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
|---|---|
| (എ) ടാൻസാനിയ, ഐവറി കോസ്റ്റ്, മൊസാമ്പിക് എന്നീ കശുവണ്ടി ഉല്പാദകരാജ്യങ്ങളിൽ നിന്നും തോട്ടണ്ടി വാങ്ങുന്നതിന് കാഷ്യൂ ബോർഡ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (എ) & (ബി) കശുവണ്ടി ലേലത്തിൽ പങ്കെടുക്കുന്നതിന് ടാൻസാനിയായിൽ കമ്പനി രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ കേരള കാഷ്യൂ ബോർഡ് സ്വീകരിച്ച് വരുന്നു. എന്നാൽ ഐവറി കോസ്റ്റിൽ സഹകരണ സ്ഥാപനങ്ങളും മറ്റു വ്യാപാരികളുമാണ് തോട്ടണ്ടി വ്യാപാരം നടത്തുന്നത്. മൊസാമ്പിക്കിൽ INCAJU എന്ന സർക്കാർ നിയന്ത്രിത സ്ഥാപനം കശുവണ്ടി കയറ്റുമതി സംബന്ധിച്ച സ്ഥിതി വിവരക്കണക്കുകൾ പ്രസിദ്ധീകരിക്കുക മാത്രമാണ് ചെയ്തു വരുന്നത്. ഈ സാഹചര്യത്തിൽ EOI വിളിച്ച് ടെൻഡർ നടപടികളിലൂടെ ഈ മൂന്ന് രാജ്യങ്ങളിൽ നിന്നും തോട്ടണ്ടി വാങ്ങുന്നതിനുള്ള നടപടികളും കേരള കാഷ്യൂബോർഡ് സ്വീകരിച്ച് വരുന്നു. |
| (ബി) പ്രസ്തുത രാജ്യങ്ങളിലെ അംബാസിഡർമാരുടെ യോഗത്തിൽ ഇതു സംബന്ധിച്ചുണ്ടായ ധാരണ പ്രാവർത്തികമാക്കുന്നതിന് എന്തെങ്കിലും ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടോ; | |
| (സി) ബാങ്കുകളുടെ കൺസോർഷ്യത്തിൽ നിന്നും കാഷ്യൂ ബോർഡിന് വായ്പ ലഭ്യമാക്കിയിട്ടുണ്ടോ; വിശദീ കരിക്കുമോ ; | (സി) കേരള കാഷ്യൂബോർഡിന് ബാങ്ക് കൺസോർഷ്യം വഴി ലോൺ ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള നടപടി ക്രമങ്ങൾ പരിശോധിച്ചു വരികയാണ്. വായ്പ ലഭ്യമാക്കാമെന്ന് ബാങ്കുകളുടെ കൺസോർഷ്യം സമ്മതിച്ചിട്ടുണ്ട്. |
| (ഡി) തോട്ടണ്ടി സംഭരിക്കുന്നതിനും പരിപ്പിന് ന്യായവില ഉറപ്പ് വരുത്തുന്നതിനും കാഷ്യൂ ബോർഡ് രൂപികരണത്തിലൂടെ സാധ്യമായിട്ടുണ്ടോ എന്നറിയിക്കാമോ? | (ഡി) നടപടികൾ സ്വീകരിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ